ശ്രീ. കെ. എ. മാത്യു: കൃത്യമായി വനം കയ്യേറ്റം തടയുന്നതിന്, വന ഭൂമിയും കൃഷിഭൂമിയും വേർതിരിക്കുന്നതിന് ജണ്ട ഇടുന്നതിനുള്ള നടപടികൾ എടുക്കാൻ തീരുമാനമെടുക്കുമോ ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: തീരുമാനം പലതും എടുത്തിട്ടുണ്ട്. ജണ്ട ഇടുക മാത്രമല്ല, വനഭൂമിയും അല്ലാത്ത ഭൂമിയും വേർതിരിച്ചു കാണിക്കുന്നതിന് ഒരു പ്ലാന്റേഷൻ ബൽറ്റ് തന്നെ ഉണ്ടാക്കുകയും അതു സാധ്യമല്ലാത്ത സ്ഥലത്ത് മറ്റു തരത്തിലുള്ള നടപടി സ്വീകരിക്കണമെന്നും തീരുമാനിച്ചിട്ടുണ്ട്. അങ്ങനെയുള്ള നിർദ്ദേശങ്ങൾ ഇപ്പോൾത്തന്നെ ഗവൺമെന്റ് കൊടുത്തു കഴിഞ്ഞിട്ടുണ്ട്.

IV. പ്രസ്താവന

ശ്രീ. പി.ജെ. തോമസ്സിന്റെ—കുമ്പഴ ബസ്സപകടത്തെ സംബന്ധിച്ച്

ശ്രീ. പി. ജെ. തോമസ്: സർ, കഴിഞ്ഞ ദിവസം കുമ്പഴയിൽ ഉണ്ടായ ബസ്സപകടം സംബന്ധിച്ച് ഇവിടെ ചർച്ച നടന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ ഇല്ലായിരുന്നു. ദിവസം തോറും ആളുകൾ കൂടുതൽ കൂടുതൽ മരിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നലെ രണ്ടുപേരും ഇന്ന് ഒരാളുംകൂടി മരിച്ചു. ദിവസേന കൂടുതൽ ആളുകൾ മരണത്തോടു മല്ലടിച്ചു കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലും വിവിധ ആശുപത്രികളിലും കിടക്കുകയാണ്. അതു കൂടാതെ നൂറിൽപ്പരം ആളുകൾ നിത്യമായി അംഗഭംഗം വരുന്നവരായി ജീവിതം തന്നെ ഒരു ഭാരമായിത്തീരുന്നവരായി ആശുപത്രിയിൽ കഴിയുകയാണ്. അവരുടെ ദയനീയമായ സ്ഥിതി കുമ്പഴയിൽ പോകുകയും അപകടം കാണുകയും ചെയ്തിട്ടുള്ള വർക്കെല്ലാം മനസ്സിലായിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ സ്ഥലം സന്ദർശിച്ചോ എന്നറിയില്ല. ഏതായാലും ആ കൊച്ചു ഗ്രാമം അങ്ങയ്ക്ക് അറിവുള്ള സ്ഥലമാണ്. കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിടക്കുന്ന ആളുകളെ അങ്ങയ്ക്ക് നേരിട്ടറിയാവുന്ന ആളുകളാണ്. കയ്യും കാലും ഒടിഞ്ഞു കിടക്കുന്നു. ജീവിതത്തിനു യാതൊരു ആലംബവുമില്ലാതെ കഴിയുന്ന അവർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കേണ്ട ബാധ്യത ഗവൺമെന്റിനു ഉണ്ട്. നാലു പേരും അഞ്ചു പേരും മരിച്ച കുടുംബങ്ങൾ ഉണ്ട്. മരിച്ചവർക്ക് രണ്ടായിരം രൂപ കൊടുത്തുവെന്നു പറഞ്ഞ് ഗവൺമെന്റ് സംതൃപ്തമാവരുത്. പരിക്കേറ്റവർക്ക് അഞ്ഞൂറു രൂപ കൊടുത്തു തൃപ്തിപ്പെടയരുത്. കൈ ഒടിഞ്ഞും കാലൊടിഞ്ഞും വരുന്ന ആളുകളെ സംബന്ധിച്ചിടത്തോളം ജീവിതം ഭാരം ആയിരിക്കും എന്നു കണക്കിലെടുത്തുകൊണ്ട് അവരുടെ പരിക്കിന്റെ ഗൗരവം അനുസരിച്ച് കൊടുക്കാനുള്ള തീരുമാനം എടുക്കണം. നമ്മെ സംബന്ധിച്ചിടത്തോളം എന്തുമാത്രം രൂപ പാഴ്ച്ചെലവ് ചെയ്യുന്നു. തൊഴിലില്ലായ്മ വേതനം എന്നു പറഞ്ഞ് ജോലി എടുക്കാത്ത ആളുകൾക്ക് നമ്മൾ രൂപ കൊടുത്തു. ഇവരുടേതായ കുറ്റം ഒട്ടുമില്ലാതെയുള്ള കാര്യത്തിൽ സംഭവിച്ചു പോയ ഈ കാര്യത്തിൽ ഗവൺമെന്റ് സഹതാപപൂർവ്വം പരിഗണിക്കണമെന്ന് അപേക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

9.50-10] മുഖ്യമന്ത്രി (ശ്രീ.പി.കെ. വാസുദേവൻ നായർ): സർ, കുമ്പഴ നടന്ന സംഭവം കേരളത്തിലെ ഏറ്റവും വലിയ ദുരന്തമാണ്. അതിൽ അകപ്പെട്ട് മരണപ്പെട്ടവരുടെ കുടുംബാംഗങ്ങളോടുള്ള അനുശോചനം ഈ സഭയ്ക്കുവേണ്ടി വീണ്ടുംവീണ്ടും രേഖപ്പെടുത്തുന്നു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നിരവധി ആളുകൾ വളരെ ഗുരുതരമായ പരിക്കേറ്റു ഇപ്പോഴും ചികിൽസയിൽ കഴിയുകയാണ്. അവരിൽ പലരും ഇനിമേൽ ജീവിതത്തിന് ഒരു വഴി കണാത്തവരായി അവശേഷിച്ചുവെന്നും വരാം. സംഭവം ഉണ്ടായ ദിവസം വടക്കേ മലബാറിലേക്ക് പോയിരുന്നതുകൊണ്ടാണ് എനിക്ക് അവിടെ പോകാൻ കഴിയാതെ പോയത്. ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയും മറ്റുള്ള സുഹൃത്തുക്കളും പോയിരുന്നു. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്ന് പ്രഗത്ഭൻമാരായ ഡോക്ടർമാരെ കോട്ടയത്തേക്ക് അയച്ചിരുന്നു. കൊല്ലം ജില്ലാകളക്ടറും പോലീസ് ഉദ്യോഗസ്ഥൻമാരും എല്ലാം വളരെ സ്തുത്യർഹമായ സേവനം നടത്തി എന്ന് ആവർത്തിച്ചു പറയേണ്ട കാര്യമില്ല. സാധാരണ ഉണ്ടാകുന്ന അപകടത്തെപ്പോലെയല്ല, ഈ അപകടത്തെ ഗവൺമെൻറ് കണ്ടിട്ടുള്ളത്. ഇങ്ങനെയുള്ള ആക്സിഡൻറ് ഉണ്ടാകുമ്പോൾ ഗവൺമെൻറ് നാമമാത്രമായ സഹായമേ ചെയ്യാറുള്ളൂ. വലിയ സഹായമാണെന്ന് അവകാശപ്പെടുന്നില്ലെങ്കിലും ഈ കാര്യത്തിൽ അതിലും കവിഞ്ഞ സഹായം ആണ് ചെയ്തിട്ടുള്ളത്. ഇതിൽ കൂടുതൽ ചെയ്യുന്ന കാര്യം ആലോചിക്കാം. ഗവൺമെൻറു ചെയ്യുന്നതുകൊണ്ടുമാത്രം തൃപ്തിപ്പെടരുത് എന്നാണ് എനിക്കു പറയുവാനുള്ളത്. അതിന് ഒരു നിർദ്ദേശം ഞങ്ങൾ മുന്നോട്ടുവയ്ക്കുന്നു. കൊല്ലം ജില്ലാകളക്ടർ ചെയർമാനായി ഒരു റിലീഫ് കമ്മിറ്റി ഉണ്ടാക്കണമെന്നു തീരുമാനിച്ചു. കക്ഷിവ്യത്യാസമില്ലാതെ എല്ലാ രാഷ്ട്രീയ പാർട്ടിയിലും ഉള്ള ആളുകൾ ചേർന്ന് കമ്മിറ്റി ഉണ്ടാക്കുകയും നിരാശ്രയരായ ആളുകൾക്ക് എന്തു ചെയ്യാൻ കഴിയുമെന്ന് ആലോചിക്കുകയും വേണം. അതിനുവേണ്ട തീരുമാനം ഗവൺമെൻറ് ഉടനെ എടുക്കുന്നതാണ്.

V. ധനകാര്യം

10 a. m.] 1979-80 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ച

ധനാഭ്യർത്ഥന നമ്പർ V—

കാർഷികാദായ നികുതിയും വിൽപന നികുതിയും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻനായർ)

സർ, കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന 5-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,50,65,000 രൂപക്കുള്ള ഗ്രാൻറ് അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly